LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 മാർച്ച് 3, വ്യാഴം

വാല്യം 124] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 2005 മാർച്ച് മാസം 3-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ: 291

ചന്ദനമരങ്ങളുടെ സംരക്ഷണം

1 [*291] ശ്രീ. മത്തായി ചാക്കോ :

„ കെ. കെ. ജയചന്ദ്രൻ :

„ രാജു എബ്രഹാം :

„ വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിൽ നിന്നും വ്യാപകമായി ചന്ദനക്കൊള്ള നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വനങ്ങളിൽ നിന്നും ചന്ദനമരങ്ങൾ വെട്ടിക്കൊണ്ടുപോകുന്നത് തടയുന്നതിനും ചന്ദനമരങ്ങളുടെ സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) സംസ്ഥാനത്തെ വനങ്ങളിലുള്ള ചന്ദനമരങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ മറയൂരിലെ ചന്ദനക്കാടുകളിൽ നിന്നും നാലായിരത്തിൽപ്പരം ചന്ദനമരങ്ങൾ മുറിച്ചുകൊണ്ടുപോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) മൂന്നാർ ഡിവിഷനിലെ മറയൂർ റേഞ്ചിലെ റിസർവ്വുകളിൽ ചന്ദന മോഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള ജീവനക്കാർക്ക് പുറമെ മറയൂരിൽ ചന്ദനമരങ്ങളുടെ സംരക്ഷണത്തിനായി ഫെബ്രുവരി 14-ാം തീയതി മുതൽ ഒരു അസിസ്റ്റന്റ് കൺസർവേറ്റർ, 3 റേഞ്ച് ഓഫീസർമാർ, 9 ഫോറസ്റ്റർമാർ, 30 ഫോറസ്റ്റ് ഗാർഡുമാർ എന്നിവർ ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് സംരക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്. പട്രോളിംഗ് നടത്തുന്നതിന് 24 പോലീസുകാർ ഉൾപ്പെടെയുള്ള റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

ചന്ദന റിസർവ്വുകളിൽ മോഷണ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ക്യാമ്പുകൾ ഏർപ്പെടുത്തിയും ജീവനക്കാരെ നിയോഗിച്ചും സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നുണ്ട്. ചന്ദന കേസുകളിൽ പ്രതികളെ പരമാവധി കണ്ടെത്തി കോടതിയിൽ ഹാജരാക്കിയും, വാഹനങ്ങൾ കണ്ടുകെട്ടിയും നടപടികൾ കൈക്കൊള്ളുന്നുണ്ട്. അനധികൃതമായി ചന്ദനം സൂക്ഷിക്കാൻ സാദ്ധ്യതയുള്ള ഫാക്ടറികളിലും മറ്റ് സ്ഥലങ്ങളിലും നിരന്തരം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

മറയൂർ ആസ്ഥാനമാക്കി ഒരു ചന്ദന ഫോറസ്റ്റ് ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ചന്ദനമരങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കി സമഗ്രമായ ഒരു കർമ്മ പദ്ധതി പൊതുജനങ്ങളിൽ തല്പരരായവരും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആളുകളുമായി ചർച്ച ചെയ്ത് രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വനങ്ങളിലുള്ള ചന്ദനമരങ്ങളുടെ മൊത്തം കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ മറയൂരിലെ ചന്ദനക്കാടുകളിൽ നിന്നും 3600-ഓളം മരങ്ങൾ മുറിച്ചുകൊണ്ടുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ മരങ്ങൾ മുറിച്ചിട്ടുണ്ടോയെന്ന് വിശദമായി അന്വേഷിക്കാൻ വിജിലൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) ചന്ദനമരങ്ങൾ മുറിച്ചതായി കണ്ടെത്തുമ്പോൾതന്നെ കേരള ഫോറസ്റ്റ് ആക്ട് പ്രകാരം കേസ് ബുക്ക് ചെയ്ത് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ചന്ദനമരങ്ങൾ അനധികൃതമായി നീക്കം ചെയ്തതിന് 882 കേസുകൾ എടുത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കേസുകളിൽ ഉൾപ്പെട്ട 1252 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : മറയൂരിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 62,703 ചന്ദനമരങ്ങൾ ഉണ്ടായിരുന്നു എന്നാണ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കണക്ക്. എന്നാൽ ഇപ്പോൾ 58,046 മരങ്ങളായി അതു ചുരുങ്ങി. ഞങ്ങൾക്കു ലഭ്യമായിട്ടുള്ള കണക്കുകൾ പ്രകാരം 4757 മരങ്ങൾ അവിടെ നിന്നും മുറിച്ചുകൊണ്ടുപോയി. മൊത്തം രണ്ടായിരം കോടി രൂപയുടെ വില വരുന്ന ചന്ദനമരങ്ങളിൽ, അറുപതു കോടി രൂപയുടെ മരം മുന്നരക്കൊല്ലം കൊണ്ട് അവിടെ നിന്നും മുറിച്ചുമാറ്റി. കള്ളക്കടത്തായി ഇവിടെ നിന്നും വെട്ടിക്കൊണ്ടുപോകുന്ന മരങ്ങൾ, പാലക്കാട്ടും മലപ്പുറത്തുമുള്ള അനധികൃതമായി പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറികളിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. അനധികൃത മരം വെട്ടും അനധികൃത ചന്ദന വാറ്റും സംബന്ധിച്ച് ചീഫ് സെക്രട്ടറിക്ക് ഒലവക്കോട് ഫോറസ്റ്റ് കൺസർവേറ്റർ ആയിരുന്ന അമർനാഥ് ഷെട്ടി 2004 ഒക്ടോബർ 7 നും 2004 നവംബർ 11-നും മുഴുവൻ വിശദാംശങ്ങളും കാണിച്ചുകൊണ്ടുള്ള കത്ത് കൈമാറിയിട്ടുണ്ട്. ഗവൺമെന്റ് ചന്ദന കൊള്ളക്കാർക്ക് കൂട്ടുനിൽക്കുന്നുണ്ടെന്ന് ആ കത്തിൽ വ്യക്തമാക്കുന്നുണ്ട്. ആ കത്ത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം? ഉണ്ടെങ്കിൽ എന്തു നടപടി ഗവൺമെന്റ് സ്വീകരിച്ചു? ഒരു മന്ത്രി രാജി വച്ചുപോയ സീരിയസ്സ് പ്രശ്നമല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇക്കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് അന്വേഷണങ്ങൾ നടത്തി വരികയാണ്. ആ അന്വേഷണത്തിന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമേ ഗവൺമെന്റിന് ഒരു നിഗമനത്തിൽ എത്താൻ കഴിയൂ. കേരളത്തിന്റെ ഏറ്റവും വിലപ്പെട്ട നിധി കാത്തുസൂക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടിയിലേക്ക് നമുക്ക് ഒരുമിച്ചുപോകണം. അല്ലാതെ പരസ്പരം ചെളി വാരിയെറിഞ്ഞ് രക്ഷപ്പെടുവാനുള്ള ഒരു ശ്രമമെടുക്കാതെ, ഒരു പോസിറ്റീവായ നടപടിയിലേക്ക് പോകണം എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. കിട്ടിയ കത്തുകളെ സംബന്ധിച്ച് അന്വേഷണം നടത്തി യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മത്തായി ചാക്കോ : ഇപ്പോൾ ചുമതലയുള്ള മന്ത്രിയെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഇവിടെ മന്ത്രി തന്നെ വെളിപ്പെടുത്തിയിട്ടുള്ള വസ്തുത, ഗവൺമെന്റിന്റെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ അവിടെ കാവലിരിക്കെ 3,500 ചന്ദന മരങ്ങൾ കൊണ്ടുപോയി എന്ന് ഗവൺമെന്റ് തന്നെ സമ്മതിക്കുന്നുണ്ടല്ലോ? മറയൂരിലെ ചന്ദനക്കാടുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ടുകൊണ്ട് അവയുടെ സംരക്ഷണത്തിനുവേണ്ടി പതിനാലരക്കോടി രൂപയുടെ ഒരു പ്രോജക്ട് കേരളാ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് സമർപ്പിച്ചിരുന്നോ; നിലവിലുള്ള മരങ്ങൾ സംരക്ഷിക്കാനും പുതിയവ വച്ചു പിടിപ്പിക്കാനും പുനരുദ്ധാരണത്തിനും മറ്റുമായി പതിനാലര കോടി രൂപയുടെ ഒരു പദ്ധതി, കേന്ദ്ര ഗവൺമെന്റിന്റെ കൂടി സഹായത്തോടുകൂടി നടപ്പാക്കുന്ന ആ പദ്ധതിയെ സംബന്ധിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ? ആ പദ്ധതി നടപ്പാക്കാൻ വേണ്ടി ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? .

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ചന്ദനക്കാടുകൾ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കിയിട്ടുണ്ട്. ഇതിനേക്കാൾ അപ്പുറത്ത് മറ്റേതെങ്കിലും ഒരു നിർദ്ദേശം മുന്നോട്ടു വന്നാൽ അതിനോട് മുഖം തിരിഞ്ഞുനിൽക്കാൻ ഗവൺമെന്റ് തയ്യാറല്ല. അതിനകത്ത് പോസിറ്റീവായ ഒരു

വശമുണ്ടെങ്കിൽ അതും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഈ ആക്ഷൻ പ്ലാൻ അനുസരിച്ച് നമ്മുടെ ചന്ദനക്കാടുകളിൽ 60 കി.മീറ്റർ ദൂരം ആർക്കും എപ്പോൾ വേണമെങ്കിലും പ്രവേശിക്കാൻ കഴിയത്തക്ക നിലയിൽ വളരെ സ്വതന്ത്രമായി കിടക്കുകയാണ്. അതു ഫെൻസ് ചെയ്യുന്ന നടപടിയെക്കുറിച്ചാണ് പ്രധാനമായും ഞങ്ങൾ ആലോചിച്ചത്. ഫെൻസ് ചെയ്യാനുള്ള നടപടികൾ ആലോചിക്കുന്ന സന്ദർഭത്തിൽ ഒരു പൊതുവികാരം ഉണ്ടാകണമെന്നുള്ള താല്പര്യംകൂടി ഗവൺമെന്റിനുണ്ടായിരുന്നു. ഈ രംഗത്ത് പ്രവർത്തിച്ചിരുന്ന പരിസ്ഥിതി വാദികളായിട്ടുള്ള, പ്രകൃതിസ്നേഹികളായിട്ടുള്ള ആളുകളെ വിളിച്ചുകൂട്ടി നമുക്കാലോചിക്കാം. ഫെൻസിംഗിനെ അവർ അനുകൂലിക്കുന്നില്ല. അവർ പറയുന്നത്, മൃഗങ്ങൾക്ക് ഇതു ബുദ്ധിമുട്ടായി വരും എന്നാണ്. എന്നാൽ പോലും 60 കി.മീറ്ററിൽ ചില പ്രത്യേക കേന്ദ്രങ്ങൾ നമുക്ക് ഫെൻസ് ചെയ്തു കൊണ്ടു പോകാതിരിക്കാൻ കഴിയില്ല. കാരണം ഓപ്പണായി എപ്പോഴും ആളുകൾക്ക് കയറുന്നതിനും ഇറങ്ങുന്നതിനും പറ്റുന്ന രൂപത്തിലാണ് ആ പ്രദേശത്തിന്റെ കിടപ്പ്. മാത്രവുമല്ല ചന്ദനമരങ്ങൾ മുറിച്ച് വാഹനങ്ങളിൽ കയറ്റിക്കൊണ്ടു പോകുന്ന ചില പ്രത്യേക സ്ഥലങ്ങൾ നമ്മൾ സോർട്ടൗട്ട് ചെയ്തിട്ടുണ്ട്. ആ അതിർത്തി നമുക്ക് സീൽ ചെയ്യാൻ കഴിയുന്നില്ലെങ്കിൽ സർവ്വതന്ത്ര സ്വതന്ത്രമായി ഇവർക്ക് ഫോറസ്റ്റിനകത്ത് കയറുകയും ഇറങ്ങുകയും ചെയ്യാൻ കഴിയും. അതുകൊണ്ട് ഭാഗികമായിട്ടെങ്കിലും ആ നടപടിയിലേക്ക് നമുക്കു പോകേണ്ടി വരും. നമ്മൾ എടുത്തിരിക്കുന്ന ആക്ഷൻപ്ലാനിൽ ഒന്നാമത്തെ ഇനം ഫെൻസിംഗാണ്. ഈ ആക്ഷൻപ്ലാൻ കേരളത്തിലെ ഏറ്റവും സീരിയസ്സായിട്ടുള്ള ഇഷ്യൂസായതുകൊണ്ടും കേരളത്തിലെ മാധ്യമങ്ങൾ അതിനെക്കുറിച്ച് സംസാരിക്കുകയും ചെയ്തതുകൊണ്ടും ഗവൺമെന്റിന്റെ ഒരു നിലപാട് ഇവിടെ പറയണമെന്നുള്ളതുകൊണ്ടും എനിക്കു കുറച്ചുസമയംകൂടി അനുവദിക്കണം. ആംസ് ആന്റ് അമ്യൂണിഷനാണ് ഇതിന്റെ രണ്ടാമത്തെ പ്രധാനപ്പെട്ട ഒരു വശം. നമ്മുടെ വനപാലകർക്ക് അത്യാധുനികമായിട്ടുള്ള ആംസ് ലഭിക്കുന്നില്ല. 74 റൈഫിൾസിനുവേണ്ടി നമ്മൾ ഓർഡർ കൊടുത്തിട്ടുണ്ട്. കുറെ റൈഫിൾസ് കിട്ടുന്നുണ്ട്. അതവർക്ക് ഉപയോഗിക്കത്തക്ക വിധത്തിലുള്ള തീരുമാനങ്ങളിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. അടുത്തതായി കമ്മ്യൂണിക്കേഷൻ സിസ്റ്റത്തെക്കുറിച്ചാണ് പറയാനുള്ളത്. വാക്കീ ടോക്കി പോലെയുള്ള അത്യാധുനികമായ കമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ ഇവർക്ക് കൊടുക്കുക എന്നുള്ളതാണ്. ഫോറസ്റ്റിനകത്ത് ക്യാമ്പ് ഷെഡ്ഡുകൾ രൂപീകരിക്കണം. ഡോഗ് സ്കാഡിനെ രൂപീകരിക്കണം. ഇവർക്കാവശ്യമായ വാഹനങ്ങൾ കൊടുക്കണം. Electronic surveillance നുവേണ്ടിയുള്ള ഒരു നടപടിയിലേക്കു നമ്മൾ പോകുന്നു. വളരെ ഉത്തരവാദപ്പെട്ട വിദഗ്ദ്ധന്മാരായ ആളുകളുമായി ഇതിനെക്കുറിച്ചു ആലോചിച്ചുകൊണ്ടിരിക്കുന്നു. അവിടെ vulnerable ഏരിയകളിൽ നമുക്ക് ക്യാമ്പുകൾ സംഘടിപ്പിക്കുക പ്രകൃതിസ്നേഹികളായിട്ടുള്ള ആളുകളെ മുഴുവൻ ഇതുമായി ബന്ധപ്പെടുത്തി, people's participation in sandalwood protection അതു ഉറപ്പാക്കുക. അതിനുവേണ്ടി നമുക്ക് ഐഡന്റിറ്റി കാർഡ് കൊടുക്കേണ്ടിവരും. വനത്തിനകത്തും inhabitants ഉണ്ട്. വനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

പുറത്തുള്ള ആളുകൾ വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്നുണ്ട്. അതുകൊണ്ട് വനത്തിനകത്തുള്ള ആളുകൾക്ക് ഒരു പ്രത്യേക കളർ കാർഡും വനത്തിന് പുറത്തുള്ള ആളുകൾക്ക് വേറൊരു തരത്തിലുള്ള കാർഡും കൊടുത്ത് അവിടെയുള്ള എൻട്രൻസ് നമുക്ക് റെസ്ട്രിക്ട് ചെയ്യാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. പിന്നെ ഇവർക്ക് വിവരങ്ങൾ ലഭിക്കുന്നതിനുവേണ്ടി മറ്റു ക്രമീകരണങ്ങൾ, ഫയർ ആംസ് ഉപയോഗിക്കുന്നതിനുള്ള അധികാരം, കമാൻഡോ ഫോഴ്സിന്റെ രൂപീകരണം, പ്രത്യേക വക്കീലന്മാരെ വയ്ക്കുന്നതിനുവേണ്ടിയുള്ള നടപടി, അതോടൊപ്പംതന്നെ energetic protective staff; ഇപ്പോഴുള്ള ഫോറസ്റ്റ് ഗാർഡിന്റെ സംഖ്യ കുറവാണെന്നുള്ള ഒരു പരാതി വന്നിട്ടുണ്ട്. അതിനു പരിഹാരമുണ്ടാക്കണം. ഇന്റലിജൻസ് നെറ്റ്വർക്ക് ശക്തിപ്പെടുത്തുന്നതിനുള്ള നടപടി, ജോയിന്റ് ആക്ഷൻ, നമ്മുടെ apprehensive offenders-നെ കണ്ടുപിടിക്കുന്നതിനുവേണ്ടിയുള്ള ജോയിന്റ് ആക്ഷൻ, ഇങ്ങനെ ജീവനക്കാർക്ക് സ്പെഷ്യൽ അധികാരം. ഇതാണ് ഗവൺമെന്റ് എടുത്തിട്ടുള്ള സ്പെഷ്യൽ ആക്ഷൻ പ്ലാനിന്റെ പ്രധാനപ്പെട്ട ഇനങ്ങൾ. ഇതു നടപ്പാക്കി നമ്മുടെ ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേക്കു പോകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഒരു കിലോ ചന്ദനം സമം ഒരു പവൻ സ്വർണ്ണം. അതാണ് അതിന്റെ വില. കള്ളക്കടത്തിനെ ഏറ്റവും സഹായകമായി പ്രോൽസാഹിപ്പിക്കുന്ന ഒരു ഘടകം അതാണ്. ഇവിടെ ഫോറസ്റ്റ് ആക്ടനുസരിച്ചാണ് സാധാരണ കേസ് എടുക്കുന്നത്. അതുകൊണ്ട് ചന്ദനക്കൊള്ള നടത്തുന്നവർക്കും അതിൽ ഇടപെടുന്നവർക്കും രക്ഷപ്പെടാൻ ഏറ്റവും സൗകര്യമാണ്. അന്നു തന്നെ അവർക്ക് ജാമ്യവും കിട്ടും; അല്ലെങ്കിൽ പിറ്റേ ദിവസം ജാമ്യം കിട്ടും. സാധാരണ നിലയിൽ ഒരു കേസെടുക്കുന്നതുകൊണ്ട് മാത്രമാകുന്നില്ല. അതിന് പ്രത്യേകമായ നിയമം ആവശ്യമാണ്. അതുപോലെ ചന്ദനക്കൊള്ള തടയാൻ ഫലപ്രദമായ നിയമം കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുമോ ? അതു സംബന്ധിച്ചൊരു വിശദീകരണമാണ് അറിയേണ്ടത്. നേരത്തെ വിശദീകരിച്ച കാര്യങ്ങൾ വേണ്ടത്ര ഫലപ്രദമാകില്ലെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങു പറഞ്ഞ നിർദ്ദേശങ്ങൾ വളരെ സ്വാഗതാർഹമായിട്ടുള്ള നിർദ്ദേശങ്ങളാണ്. ഒരു കിലോ ചന്ദനമെന്നു പറയുന്നത് സ്വർണ്ണത്തിന്റെ വിലയുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഇപ്പോഴത്തെ വിലയനുസരിച്ച് ചന്ദനത്തിനാണ് കൂടുതൽ വില. സ്വാഭാവികമായിട്ടും അതിന്റെ offence-ന്റെ ശക്തിയും ഈ രംഗത്തു കൂടും. അതുപോലെ ചന്ദനമരം മുറിക്കുവാനുള്ള ഒരു ആസക്തിയും വർദ്ധിക്കുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് നമുക്ക് അത് പ്രൊട്ടക്ട് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളിലേക്കാണ് പോകുന്നത്. അങ്ങ് നിയമത്തെക്കുറിച്ചിവിടെ സൂചിപ്പിച്ചു. ഇവിടെ നിയമം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നേരത്തെ നടത്തിയിട്ടുണ്ട്. 1998-ലും 1999-ലും അതിനുള്ള ചില നടപടികൾ നടന്നു. 2002-ൽ ഒരു ഓർഡിനൻസ് ഇതിനുവേണ്ടി പുറപ്പെടുവിച്ചിരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ : ചന്ദനക്കടത്തിനെതിരായി മരം മുറിച്ചവർക്ക് എതിരായി എടുത്തിട്ടുള്ള കേസുകളെ സംബന്ധിച്ചും അതുപോലെ കുറെ വാഹനങ്ങൾ പിടികൂടിയതായും അങ്ങിവിടെ പറയുകയുണ്ടായി. ഇവിടെ ചന്ദന മാഫിയയും ഗൂഢസംഘങ്ങളും വനപാലകർക്കുനേരെ നിരന്തരമായി ആക്രമണം സംഘടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങനെ ആക്രമണം സംഘടിപ്പിക്കുന്നവർക്ക് സഹായകരമായ നിലപാടാണ് പോലീസ് സ്വീകരിക്കുന്നതെന്ന് ഞാൻ കഴിഞ്ഞ ദിവസം അടിയന്തിര പ്രമേയം അവതരിപ്പിച്ചുകൊണ്ട് പറയുകയുണ്ടായി. അന്നുതന്നെ മുഖ്യമന്ത്രി വളരെ ശക്തമായ നടപടി എടുക്കുമെന്ന് പറഞ്ഞുവെങ്കിലും, ഈ പറഞ്ഞ പ്രതികൾ പിറ്റേ ദിവസം തന്നെ അവിടെ നിന്നും സാധാരണ ജാമ്യത്തിൽ പുറത്തിറങ്ങി വരികയാണ് ചെയ്തിരിക്കുന്നത്. എത്ര ആക്രമണങ്ങളാണ് അവിടെ നടന്നിട്ടുള്ളത്. ഈ ആക്രമണങ്ങളിൽ എത്രമാത്രം വനപാലകർക്ക് പരിക്കു പറ്റിയിട്ടുണ്ടെന്നും അവർക്കാവശ്യമായ പരിരക്ഷ കൊടുക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ആക്രമണങ്ങളുടെ ഒരു ലിസ്റ്റ് എന്റെ കയ്യിലുണ്ട്. സമയം കൂടുതൽ എടുക്കുമെന്നുള്ളതുകൊണ്ടും സ്പീക്കറുടെ ഒരു ഒബ്സർവ്വേഷൻ വന്നതുകൊണ്ടും ഞാൻ മുഴുവൻ ലിസ്റ്റും വായിക്കുന്നില്ല. ഞാൻ അതു ടേബിളിൽ വയ്ക്കാൻ ഒരുക്കമാണ്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ, 1997 മുതൽ 2005 വരെയുള്ള ചാർജ്ജ് ഷീറ്റഡ് കേസ്സുകളുടെ കണക്കുകൾ ഇവിടെയുണ്ട്. ചാർജ്ജ് ചെയ്ത കേസ്സുകൾ, number of convictions, number of acquittal, അതു സംബന്ധിച്ചുള്ള മുഴുവൻ ഡീറ്റെയിൽസും എന്റെ കയ്യിലുണ്ട്. സമയക്കുടുതൽ എടുക്കുമെന്നുള്ളതുകൊണ്ട് വായിക്കുന്നില്ല. അത് അങ്ങേയ്ക്കു സമർപ്പിക്കാം. ഇതു സംബന്ധിച്ച് ധാരാളം കേസ്സുകളും നടപടികളും ഗവൺമെന്റ് എടുത്തിട്ടുണ്ട്. 2001-ൽ 54 കേസ്സുകൾ ചാർജ്ജ് ചെയ്തു. 2002-ൽ 147 കേസ്സുകൾ ചാർജ്ജ് ചെയ്തു. 2003-ൽ 93 കേസ്സുകൾ ചാർജ്ജ് ചെയ്തു. അങ്ങനെ കേസ്സുകൾ ചാർജ്ജ് ചെയ്തു പോകുന്നുണ്ട്. ചാർജ്ജ് ചെയ്തത് ഒന്നുമല്ല പ്രശ്നം. കേരളം വിഴുങ്ങാൻ ശക്തിയുള്ള മാഫിയ ഇതിനകത്തുണ്ട് എന്നാണ് ഇതുമായി ബന്ധപ്പെട്ട ആളുകൾ പറയുന്നത്. നമ്മൾ അങ്ങോട്ടുമിങ്ങോട്ടും ചെളിവാരിയെറിഞ്ഞിട്ടു കാര്യമില്ല. അതവർക്ക് സഹായകമാകുകയേ ഉള്ളു. അതുകൊണ്ട് ഈ സഭയുടെ മുഴുവൻ consensus-ൽ എത്തണം. അല്ലാതെ അപ്പുറത്താരിരിക്കുന്നു, ഇപ്പുറത്താരിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ എടുക്കേണ്ട കാര്യമല്ല, ഇതു കേസ് വേറെയാണ്. കേരളത്തിന്റെ ഒരു നിധി നഷ്ടപ്പെടുന്ന കേസ്സാണ്. അത് സംരക്ഷിക്കാൻ അപ്പുറത്തും ഇപ്പുറത്തുമുള്ളവർ ഒരുപോലെ പ്രതിജ്ഞാബദ്ധമാണെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ആ നിലയിലേക്ക് ഇത് കൊണ്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. രാധാകൃഷ്ണൻ : നമ്മൾ ഇവിടെ ചർച്ച നടത്തുമ്പോഴും മരംകൊള്ള നടക്കുന്നുണ്ടാകും. എനിക്ക് ചോദിക്കാനുള്ളത് നമ്മുടെ രണ്ട് മുൻ വനംവകുപ്പ് മന്ത്രിമാർ, ഇവിടെയൊരു തർക്കത്തിൽ ഏർപ്പെട്ടിരിക്കുന്നതുകണ്ടു. ശ്രീ. കെ. സുധാകരനും ശ്രീ. കെ. പി. വിശ്വനാഥനും. രണ്ടുപേരും പറയുന്നതിൽ

contradiction ഉണ്ട്. ഒരാൾ പറയുന്നത് ചന്ദനക്കൊള്ള നടത്തുന്നതിന് ഞാൻ കൂട്ടു നിന്നിട്ടില്ല എന്നാണ്. മറ്റേയാൾ വേറെ ചില ആളുകൾ കൂട്ടുനിന്നു എന്നുള്ള രീതിയിലാണ് പറയുന്നത്. അതിനെ സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തണം. ഇതിൽ ആര് പറയുന്നതാണ് ശരി എന്നുള്ളതിനെ സംബന്ധിച്ച് ഒരു കൃത്യമായിട്ടുള്ള അന്വേഷണം നടത്തി, മൂന്നാമത്തെ മന്ത്രിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അതിന് മറുപടി നൽകുമെന്നാണ് എന്റെ പ്രതീക്ഷ. അതുമായി ബന്ധപ്പെട്ട് എനിക്ക് ചോദിക്കാനുള്ളത്, കേന്ദ്ര പരിസ്ഥിതി മന്ത്രി ശ്രീ. എ. രാജ, കഴിഞ്ഞ ഡിസംബർ മാസത്തിൽ, കേരളത്തിൽ അനധികൃത ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്നും ചന്ദന മാഫിയകളുടെ പ്രവർത്തനം ശക്തിപ്പെട്ടു വരികയാണെന്നും അത് നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നതാണ്. പക്ഷേ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് കേന്ദ്രമന്ത്രി തന്നെ പിന്നീട് പറയുകയുണ്ടായി. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? ചന്ദന മാഫിയകൾക്ക് കൂട്ടുനിൽക്കുന്നത് ആരൊക്കെയാണ് എന്നുള്ളതിനെ സംബന്ധിച്ച് വളരെ സമഗ്രമായ അന്വേഷണം നടത്തുമെന്ന് പറഞ്ഞു. അങ്ങനെ അന്വേഷണം നടത്തിയതിനു പിന്നിൽ മാഫിയ പിടി മുറുക്കി എന്ന് പറഞ്ഞു. നമ്മുടെ ഭരണ സിരാകേന്ദ്രത്തെയാകെ പിടിമുറുക്കിയെന്ന് അങ്ങുതന്നെ സമ്മതിക്കുന്നുണ്ട്. അതു സംബന്ധിച്ചെല്ലാം സമഗ്രമായിട്ടുള്ള ഒരു അന്വേഷണം നടത്തി കുറ്റവാളികളാരാണെന്ന് കൃത്യമായി കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എന്നെക്കുറിച്ച് അങ്ങ് misquote ചെയ്ത കാര്യം മാത്രം ഞാൻ ഒഴിവാക്കാൻ നോക്കും. ഞാൻ പറഞ്ഞതിന്റെ അർത്ഥമെല്ലാം നമ്മുടെ റിക്കോർഡുകളിലുണ്ട്. അതിനുപുറത്തുള്ള കാര്യങ്ങൾ ഒന്നും ഞാൻ പറഞ്ഞതല്ല. അങ്ങ് എന്നെ misquote ചെയ്ത കാര്യത്തിൽ ഞാൻ നിരപരാധിയായിരിക്കും എന്ന് അങ്ങയെ അറിയിക്കുകയാണ്. ഇവിടെ നടപടി എടുത്തിട്ടില്ല എന്നാണ് അങ്ങു പറഞ്ഞത്. നടപടി എടുത്തിട്ടുണ്ടെന്നു മാത്രമല്ല, The competitive authority shall ensure that no license are granted, renewed hereafter without NOC from the Forest Department. 9-2-2005-ലെ ഗവൺമെന്റ് ഓർഡറാണിത്. ആ ഗവൺമെന്റ് ഓർഡർ അനുസരിച്ച് ഈ ഫാക്ടറികളെല്ലാം പൂട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തിട്ടുണ്ട്. നടപടി എടുത്തുവെന്ന് മാത്രമല്ല 25-2-2005-ൽ Factories and Boilers ഡയറക്ടർക്കും അതേ ദിവസം തന്നെ Director of Panchayats-നും ടാക്സസ് ഡിപ്പാർട്ടുമെന്റിനും Central Excise Department-നും close down ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് എടുത്തിരിക്കുകയാണ്. ഈ ചന്ദനഫാക്ടറികളിൽ നിന്നും ഉണ്ടാക്കുന്ന ഉല്പന്നങ്ങളോ, ചന്ദന ഫാക്ടറികൾ സംബന്ധിച്ച കാര്യങ്ങളോ അവരുടെ മുമ്പിൽ എത്തിയാൽ അതിൽ ഗവൺമെന്റിന്റെ സ്റ്റാന്റ് കൂടി കണക്കാക്കിയേ നടപടികൾ എടുക്കാവൂ എന്നുപറഞ്ഞ് അവരെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കണക്കും മറ്റ് രീതിയിലുള്ള കണക്കുകളുമൊക്കെ നമ്മുടെ നാട്ടിലുണ്ട്. ചന്ദനമരം മുറിച്ചു വിൽക്കുന്നതിനെ സംബന്ധിച്ച് എനിക്ക് ചോദിക്കാനുള്ളത്, അങ്ങിവിടെ പറഞ്ഞു അമൂല്യ നിധിയാണ് ചന്ദനമരങ്ങൾ എന്ന്. അത് സംരക്ഷിക്കേണ്ടതാവശ്യമാണ്. നമ്മുടെ കേരളത്തിൽ വനഭൂമിയിലും സ്വകാര്യ ഭൂമിയിലും നിൽക്കുന്ന ചന്ദനമരങ്ങളെ സംബന്ധിച്ച് ഡീറ്റെയിൽഡ് സർവ്വേ നടത്തി കൃത്യമായി എത്രയുണ്ടെന്ന് കണ്ടെത്തി അതു സംരക്ഷിക്കാൻ വേണ്ടി പ്രത്യേകമായി എന്തെങ്കിലും സംവിധാനം ഒരുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞ ആശയം വളരെ നല്ലതാണ്. ഈ സഭയിലെ മറ്റു പല അംഗങ്ങളും ഇത്തരത്തിലുള്ള ഒരു ആശയത്തെക്കുറിച്ച് പറഞ്ഞു. സ്വകാര്യ വ്യക്തികളുടെ സ്ഥലത്തു നിൽക്കുന്ന ചന്ദനമരങ്ങൾ സംരക്ഷിക്കാൻ പല സാഹചര്യങ്ങൾ കാരണം നമുക്ക് സാധിക്കില്ല. അതിന് നമുക്ക് ഗ്യാരന്റി കൊടുക്കാനാവില്ല. ആ സാഹചര്യങ്ങൾ ഞാനിവിടെ വിശദീകരിക്കുന്നില്ല. ചന്ദനമരങ്ങൾ സംരക്ഷിക്കണമെന്നുള്ള ഒരു അവയർനെസ്സ് ജനങ്ങളിൽ ഉണ്ടാക്കാൻ കഴിയണം. ജനങ്ങളുടെ കൂടി പങ്കാളിത്തത്തോടുകൂടി വന സംരക്ഷണത്തിനുവേണ്ടിയുള്ള നടപടികളുണ്ടാകണം. കൂടുതൽ ചന്ദനമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേക്ക് നമുക്ക് പോകണം. അത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ afforestation-ന്റെ ഭാഗമായി ചില നടപടികൾ എടുക്കുന്നുണ്ട്. അങ്ങനെ ചന്ദന മരങ്ങൾ വർദ്ധിക്കുമ്പോൾ, ഇതിനോടുള്ള ആസക്തി കുറയാനുള്ള സാധ്യതയുണ്ട് എന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ, ചന്ദനക്കൃഷി വർദ്ധിപ്പിക്കുക, വനങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ജനങ്ങളിൽ ഒരു അവയർനെസ്സ് ഉണ്ടാക്കുക, ഒരു സർവ്വേ നടത്തി നിലവിലുള്ള ചന്ദനമരങ്ങൾ എത്രയുണ്ടെന്ന് കണ്ടുപിടിച്ച് അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക എന്നതൊക്കെ ഇതിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ്. അതിലെ എല്ലാ പോസിറ്റീവായ നിർദ്ദേശങ്ങളും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ കേരളത്തിന്റെ അമൂല്യമായ നിധിയാണ് ചന്ദനക്കാടുകളെന്നും അത് സംരക്ഷിക്കുന്നതിനുവേണ്ടി അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ യോജിച്ചു പ്രവർത്തിക്കണമെന്നുമൊക്കെ ആധികാരികമായി ഇവിടെ വിശദീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്ന ഘട്ടത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആയിരക്കണക്കിന് ചന്ദനമരങ്ങൾ ചന്ദന മാഫിയ തട്ടിക്കൊണ്ടുപോയ കണക്ക് ഇവിടെ കൃത്യമായി പറഞ്ഞു. 180-ഓളം പേരുള്ള സംഘം ഏതാനും നിമിഷങ്ങൾകൊണ്ട്, നൂറ് കണക്കിന് മരങ്ങൾ മുറിച്ചുകൊണ്ടുപോകാനാവശ്യമായ ആധുനിക സംവിധാനങ്ങളോടുകൂടിയാണ് ചന്ദനമരം മുറിച്ചുകടത്തുന്നത്. പകലും രാത്രിയും അത് നടത്തുന്നുണ്ട്. പക്ഷെ ഇത് തടയാൻ കേരള സർക്കാരിന്റെ വനം വകുപ്പിന്റെ കയ്യിൽ എന്താണുള്ളത്? ഒരു തോക്ക് കൊടുത്തിട്ടുണ്ട്. ആ തോക്കിലേക്ക് നോക്കണമെങ്കിൽ അനുമതി വേണം. അതുപോലെ അത് എടുക്കണമെങ്കിൽ അനുമതി വേണം, അത് ചൂണ്ടാൻ അനുമതി വേണം, വെടിവയ്ക്കാൻ അനുമതി വേണം. അത് നിറപ്പൻ തോക്കാണ്. വെടിമരുന്ന്

LIBRARY ARCHIVES Kerala Legislative Assembly

ചകിരിയിട്ട് കുത്തിനിറച്ചിട്ടുവേണം വെടിവയ്ക്കാൻ. അപ്പോൾ തന്നെ കേരളത്തിലെ എതാണ്ട് എല്ലാ ചന്ദനമരവും ഈ മാഫിയ കടത്തിക്കൊണ്ടുപോകും. അങ്ങനെയൊരവസ്ഥയിൽ ഇത് മറികടക്കാൻ വേണ്ടി, ഈ ചന്ദനമാഫിയയെ തടഞ്ഞുനിർത്തുന്നതിനാവശ്യമായ ശക്തമായ എന്തു നടപടിയാണ് ഈ ഗവൺമെന്റ് കഴിഞ്ഞ മൂന്നരവർഷത്തിനിടയിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇപ്പോൾ ചന്ദനമരം എത്ര നഷ്ടപ്പെട്ടു എന്നുള്ളതിന്റെ കൃത്യമായ കണക്ക് നമ്മുടെ കൈയിലുണ്ട്. കാരണം മൊത്തം ചന്ദനമരം എത്ര എന്നുള്ള കണക്ക് എടുത്തിട്ടുണ്ട്. നേരത്തെ വനത്തിൽ ചന്ദനമരം എത്രയാണെന്നുള്ളതിന് കണക്കില്ല. അതുകൊണ്ട് എത്ര നഷ്ടപ്പെട്ടു എന്നതിന്റെ കണക്ക് വേറെ ആരുടേയും കൈയിലില്ല. അത് കണക്കില്ലാതെപോയി എന്നുമാത്രമേ നമുക്ക് കണക്കാക്കാൻ പറ്റുകയുള്ളൂ. ഇപ്പോൾ കണക്കുള്ളതുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ നമുക്കിവിടെ സംസാരിക്കാൻ കഴിയുന്നു. ഈ ചന്ദനമരം സംരക്ഷിക്കുന്നതിനുവേണ്ടി നമുക്കൊരു പുതിയ നിയമം ശക്തിപ്പെടുത്തണമെങ്കിൽ അത് ശക്തിപ്പെടുത്തണം. അതോടൊപ്പം തന്നെ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. നമുക്ക് public awareness ഉണ്ടാകണം. വനസ്നേഹികളായ, പ്രകൃതി സ്നേഹികളായ ആളുകളുടെ പൂർണ്ണമായ സഹകരണം ഉൾക്കൊള്ളണം. അത് ഉൾക്കൊണ്ടുകൊണ്ട് ഞാൻ നേരത്തെ പറഞ്ഞതുപോലെ ഗവൺമെന്റ് ചില ആക്ഷൻപ്ലാൻ പ്രഖ്യാപിച്ചു. 21 ഇന ആക്ഷൻപ്ലാനാണത്. അതിന്റെ അടിസ്ഥാനത്തിൽ തോക്ക് കൊടുക്കുന്നതും അത് ഉപയോഗിക്കുന്നതും നിയമത്തിന്റെ protection കൊടുക്കുന്നതടക്കം അത്യന്താപേക്ഷിതമായി അവർക്ക് wireless set കൊടുക്കുന്നതടക്കം, ഫെൻസിംഗ് അടക്കമുള്ളത് ഈ ആക്ഷൻ പ്ലാനിലുണ്ട്. അത് നടപ്പാക്കുന്നതിനു വേണ്ടി നമുക്ക് മുന്നോട്ടുപോകാം.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ തോക്കിന്റെ കഥ പറഞ്ഞതുപോലെതന്നെയാണ് ഡിപ്പാർട്ടുമെന്റിന്റെ എല്ലാ കാര്യത്തിലും മന്ത്രിയുടെ മറുപടി. ദൗർഭാഗ്യകരമായ ഒരു സംഭവമാണ് മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തുന്നത്. കഴിഞ്ഞ ഫെബ്രുവരി 6-ാം തീയതി പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്തുള്ള ചിറയ്ക്കൽപടിയിൽ കുറുക്കോലി അഷറഫ് എന്ന ഒരാളെ അന്വേഷിച്ച് മറയൂരിൽ നിന്നും ഫോറസ്റ്റുകാർ ചെന്നു. മറയൂരിലെ ഡെപ്യൂട്ടി രജിസ്ട്രാർ ശ്രീ. ശിവപ്രസാദ്, കാന്തല്ലൂർ ഡെപ്യൂട്ടി രജിസ്ട്രാർ ശ്രീ. മുഹമ്മദ് എന്നിവരുടെ നേതൃത്വത്തിൽ ഏതാണ്ട് നൂറോളം വരുന്ന ഫോറസ്റ്റ്, പോലീസ് സംഘമാണ് മണ്ണാർക്കാട് ചിറയ്ക്കൽപടിയിൽ കുറുക്കോലി അഷറഫിനെ അന്വേഷിച്ച് ചെന്നത്. അന്വേഷിച്ച് ചെല്ലാനുണ്ടായ കാരണം മറയൂരിൽ forest raid നടത്തുന്നതിനിടയിൽ കുറച്ച് ചന്ദനം പിടിച്ചു. ആ ചന്ദനം എവിടെയാണ് കൊടുക്കുന്നതെന്ന് ചോദിച്ചപ്പോൾ കുറുക്കോലി അഷറഫിനാണ് കൊടുക്കുന്നതെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണത്തിനു . ചെന്നത്. അന്വേഷണത്തിനായി വനംവകുപ്പിന്റേയും പോലീസിന്റേയും ആളുകൾ അവിടെ ചെല്ലുമ്പോൾ ഏതാണ്ട് 250-ഓളം വരുന്ന കുറുക്കോലി അഷറഫിന്റെ മാഫിയാസംഘം അവിടെ കാത്തുനിൽക്കുകയാണ്. പോലീസുകാരും ഫോറസ്റ്റുകാരും അവിടെ ചെന്നതേ ഓർമ്മയുള്ളൂ, അവരെ അടിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഓടിച്ചു. ഒരു ജനാധിപത്യ സംവിധാനത്തിൽ ഒരു ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ പരസ്യമായി നിയമം കൈയിലെടുക്കുന്ന, നിയമം നടപ്പിലാക്കുന്നതിനുവേണ്ടി ചെന്ന ഉദ്യോഗസ്ഥന്മാരെ ആട്ടിയോടിക്കുന്ന ദൗർഭാഗ്യകരമായ ഒരു സംഭവമുണ്ടായി. ആ സംഭവത്തിനെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നുമാത്രമല്ല, വളരെ നിസ്സാരമായ വകുപ്പുകൾ ചേർത്താണ് കേസ് എടുത്തത്. കർത്തവ്യനിർവ്വഹണത്തിന് തടസ്സമുണ്ടാക്കി. കൊലപാതകക്കേസ് ഉൾപ്പെടെ ചാർജ് ചെയ്യേണ്ടതിനുപകരം വളരെ നിസാരമായ വകുപ്പുകൾ ചേർത്താണ് കേസ് എടുത്തിട്ടുള്ളതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങ് ഇവിടെ പല കാര്യങ്ങൾ വിശദീകരിക്കുന്ന കൂട്ടത്തിൽ ഇതുംകൂടി വിശദീകരിക്കേണ്ടതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: അങ്ങ് പറഞ്ഞത് ശരിയാണ്. കുറുക്കോലി അഷറഫിനെ മണിയെന്നാണ് വിളിക്കുന്നത്. വളരെ suspicious ആയ സാഹചര്യത്തിൽ രണ്ട് ആളുകളെ പിടിച്ചപ്പോൾ അവരുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഇത് കൊടുക്കുന്നത് മണിയെന്നുപറയുന്ന കുറുക്കോലി അഷറഫിനാണെന്നുപറഞ്ഞു. ആ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട്ട് ഈ പറഞ്ഞ സ്ഥലത്തേക്കുപോയി. അവിടെ ചെന്നപ്പോൾ കതകെല്ലാം പൂട്ടിയിട്ടിരിക്കുകയാണ്. അവർ കതക് മുട്ടിവിളിച്ചപ്പോൾ അഷറഫിന്റെ ഫാദർ വന്ന് കതകുതുറന്നു. ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ കുറച്ചുപേരേ ഉണ്ടായിരുന്നുള്ളൂ. ഇങ്ങനെയൊരു situation ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടുകൂടിയല്ല അവർ അവിടെ ചെന്നത്. ആ വീട്ടുകാർ പെട്ടെന്ന് തല്ലിയലച്ച് നിലവിളിച്ച് ആളിനെക്കൂട്ടി. 200-ഓളം ആളുകൾ അവിടെ എത്തി. അങ്ങനെ കർത്തവ്യ നിർവ്വഹണം നടത്താൻ നിവൃത്തിയില്ലാതെ ആ ഉദ്യോഗസ്ഥന്മാർക്ക് പോരേണ്ടിവന്നു.....(ബഹളം) .....(ബഹളം).....

<u>മി.-സ്പീക്കർ</u>: Mr. Devakumar, Don't be so impatient. എല്ലാ കാര്യത്തിലും ഇങ്ങനെ ഇടപെടരുത്. കുറച്ച് നിയന്ത്രണം വേണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഇവിടെ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി, law of the land നടപ്പാക്കുന്നതിനുവേണ്ടി ഒരു പ്രദേശത്ത് പ്രതിയെ അന്വേഷിച്ചു ചെല്ലുന്ന സമയത്ത് ആ പ്രതി അവരുടെ സംഘശക്തികൊണ്ട് കുറെ ആളുകളെക്കൂട്ടി ഉദ്യോഗസ്ഥന്മാരെ മടക്കി അയച്ചുവെന്നു പറഞ്ഞാൽ ദുഃഖം തോന്നുന്ന ഒരു വ്യക്തിയാണ് ഞാൻ. ഈ ഗവൺമെന്റ് നടപടിയെടുത്തു. ഈ അഷറഫിനെ പിടിക്കുന്നതിനുള്ള എല്ലാ നടപടിക്രമത്തിലേക്കും പോയി. അഷറഫിനെ പിടിക്കുന്നതിനുവേണ്ടി എല്ലാ മാർഗ്ഗവും നോക്കി. ഇന്ത്യയിൽ അഷറഫ് ഇല്ല എന്നാണ് ഞങ്ങൾക്ക് കിട്ടിയ വിവരം. ഇന്ത്യയിൽ അഷറഫ് ഇല്ലെന്നുകണ്ടാൽ അയാൾക്കെതിരായി നടപടിയെടുക്കാൻ നമ്മുടെ നിയമവ്യവസ്ഥയിൽ മറ്റ് മാർഗ്ഗങ്ങളുണ്ട്. അയാളുടെ പേര് പത്രത്തിൽ കൊടുത്ത് 'wanted criminal' എന്ന് പബ്ലിഷ് ചെയ്ത് നിയമപരമായ നടപടിയെടുക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് അതനുസരിച്ച് മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡി. സുഗതൻ : സർ, ചന്ദന മരങ്ങൾ വനം മേഖലയിൽ മാത്രമല്ല, ബഹുമാനപ്പെട്ട രാധാകൃഷ്ണൻ പറഞ്ഞതുപോലെ സ്വകാര്യമേഖലയിലും സർക്കാർ ലാൻഡുകളിലുമൊക്കെയുണ്ട്. ആലപ്പുഴ Rest House compound-ലും ആലപ്പുഴ Port Office compound-ലും വിലപിടിപ്പുള്ള വലിയ ചന്ദനമരങ്ങൾ ഉണ്ടായിരുന്നു. ഈ കഴിഞ്ഞ അവസരത്തിൽ അവ മോഷണം പോയി. പോലീസിന് ഒരു തുമ്പും കിട്ടിയില്ല. അപ്പോൾ അങ്ങനെയൊരു സർവ്വേ നടത്തിയാൽ ഒരുപക്ഷേ വനത്തിലുള്ളതിനേക്കാൾ കൂടുതൽ ചന്ദനമരങ്ങൾ നമ്മുടെ ഉദ്യാനങ്ങളിലും മറ്റ് സ്ഥലങ്ങളിലുമുണ്ടാകാൻ ഇടയുണ്ട്. അതുകൊണ്ട് അതിനുള്ള ഒരു സർവ്വേ നടത്തി അത്തരം ചന്ദനമരങ്ങൾ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അത് ഫോറസ്റ്റിൽപ്പെട്ട ഒന്നല്ല. പക്ഷേ അതുപോലും offence ആണ്. അത് correct ആണ്. നിയമത്തിൽ, ഇവിടെ ചെറിയ പോരായ്മ എന്നു ഞാൻ പറയുന്നില്ല, അന്നത്തെ സാഹചര്യമല്ല നിലനിൽക്കുന്നത്. അന്നത്തെ നിയമത്തിൽ ഫോറസ്റ്റിനകത്ത് പാഴ്മരം വെട്ടിയാലും ചന്ദനം വെട്ടിയാലും നിയമത്തിനുമുന്നിൽ ഒരേ രൂപത്തിലുള്ള offence ആയിട്ടാണ് നിൽക്കുന്നത്. അതിനാണ് പുതിയ നിയമത്തെക്കുറിച്ച് പറയുന്നത്. സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ നിൽക്കുന്ന, അവരുടെ നിയന്ത്രണത്തിൽ നിൽക്കുന്ന, ചന്ദനമരത്തെ സംബന്ധിച്ച് ശ്രീ. കെ. രാധാകൃഷ്ണൻ ചോദിച്ചപ്പോൾ ആ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ചന്ദന മരങ്ങൾ സംരക്ഷിക്കുന്നതിനുള്ള awareness വേണം. അതോടൊപ്പം ഈ നിയമത്തിന്റെ ശക്തി ഉപയോഗിച്ചുകൊണ്ടുമാത്രം എല്ലാ സ്വകാര്യ വ്യക്തികളുടേയും വീട്ടിലുള്ള മരങ്ങൾ നമുക്ക് സംരക്ഷിക്കാൻ ബുദ്ധിമുട്ടുണ്ട്. ജനങ്ങളുടെ പങ്കാളിത്തംകൂടിവേണം. അതിന് ഗവൺമെന്റിന്റെ പങ്കാളിത്തം ഉറപ്പുവരുത്താം. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ഇപ്പോൾ ഇവിടെ ഒരു പരാതിയായി തന്നെ സ്വീകരിച്ചുകൊണ്ട് അതിന്റെ നടപടി വേഗത്തിൽ നടത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അങ്ങ് ഇവിടെ ഒരു നീണ്ട മറുപടിയാണ് പറഞ്ഞത്. അങ്ങനെ ഉപദേശങ്ങൾ കൊടുത്തതുകൊണ്ടും ബോധവൽക്കരണം നടത്തിയതുകൊണ്ടും തടയാൻ കഴിയുന്നതാണോ ഇത്തരം വലിയ മാഫിയ? പോലീസിന്റേയും ഫോറസ്റ്റിന്റേയുമെല്ലാം സഹായത്തോടുകൂടി ഇത്രയും വലിയ മാഫിയ പ്രവർത്തിക്കുമ്പോൾ അത് ഫലപ്രദമായി തടയുക എന്നുള്ളതിന് ഗവൺമെന്റിന്റെ നടപടിയുണ്ടായിട്ടില്ല. ഞാൻ ഒന്ന് ചോദിക്കാൻ ആഗ്രഹിക്കുന്നത് കേരളത്തിലെ ചന്ദന മോഷണ മാഫിയായുടെ പ്രവർത്തനത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ തെളിവെടുക്കാനുൾപ്പെടെ, സുപ്രീംകോടതി ഒരു കമ്മിറ്റിയെ വയ്ക്കുകയും ആ കമ്മിറ്റി കേരളത്തിൽ വന്ന് ഗവൺമെന്റുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായുമൊക്കെ ചർച്ച ചെയ്ത് ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതുസംബന്ധിച്ചുള്ള പത്രവാർത്തകൾ വന്നിട്ടുണ്ട്. 'Political patronage, for Kerala's sandalwood mafia', says Supreme Court. ഇത് ഇന്ത്യൻ എക്സ്പ്രസ്സിൽ വന്നിട്ടുള്ള റിപ്പോർട്ടാണ്. ചില പത്രമാധ്യമങ്ങളിലൊക്കെ വന്നതാണ്. അങ്ങനെയൊരു political patronage കേരളത്തിലെ ചന്ദനക്കൊള്ളയ്ക്കുണ്ടെന്ന് സുപ്രീംകോടതി ഇതുസംബന്ധിച്ച്

അന്വേഷിക്കാനും പരിശോധിക്കാനും വച്ച പാനൽ ഒരു നിഗമനത്തിലെത്തി അഭിപ്രായം പറയാനിടവന്നത് കേരള ഗവൺമെന്റിന്റെ നടപടികളിൽ ഏറ്റവും കുറ്റകരമായ വീഴ്ചവരുത്തി എന്നതിന്റെ അടിസ്ഥാനത്തിലല്ലേ? സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കർശനമായ എന്തു നടപടി സ്വീകരിക്കാൻ ആണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചന്ദന ഫാക്ടറികൾക്ക് empowered committee-യുടെ അനുവാദമില്ലാതെ ലൈസൻസ് കൊടുക്കാൻ പറ്റുകയില്ല. political patronage -നെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു. അവിടെ പഞ്ചായത്താണ് ലൈസൻസ് കൊടുക്കേണ്ടത്. അങ്ങ് പരിശോധിച്ചു കൊള്ളണം. ഇവർ പറയുന്ന political patronage ആരൊക്കെയാണെന്നോ പാലക്കാട് ഡിവിഷനിലെ പുതുശ്ശേരി പഞ്ചായത്ത്, എലപ്പുള്ളി പഞ്ചായത്ത്, മറയൂർ പഞ്ചായത്ത് തുടങ്ങിയ പഞ്ചായത്തുകളുണ്ട്. അവർ ഉദ്ദേശിക്കുന്ന political patronage എന്നുപറഞ്ഞാൽ നിലവിലുള്ള രാഷ്ട്രീയ സാഹചര്യങ്ങളിലുള്ള patronage എന്ന് തെറ്റിദ്ധരിക്കേണ്ട. എത്രയോ കാലമായി നടന്നുകൊണ്ടിരിക്കുന്ന ആ നടപടിക്കെ തിരായിട്ടുള്ള നിലപാടായിരിക്കും. പക്ഷെ ഞാൻ പറയുന്നു Empowered Committee ചെയ്യാനുള്ള ഉത്തരവാദിത്വം നിറവേറ്റപ്പെടണം. ആ ഉത്തരവാദിത്വം നിറവേറ്റിയി രുന്നെങ്കിൽ നമ്മൾ ഇതെല്ലാം കൊടുക്കും നിങ്ങൾ പുറകെപോയി പിടിച്ചോ എന്ന ഒരു നിലപാടെടുക്കുന്നത് ശരിയല്ല. അവർക്കുള്ള അധികാരവും വിനിയോഗിക്കണം.

ശ്രീ. എ. കെ. മണി: സർ, സംസ്ഥാനത്ത് വളരെ സീരിയസ്സായിട്ടുള്ള ഒരു സംഭവമാണ് മറയൂർ ചന്ദനകൊള്ള. ആ മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു മെമ്പറെന്ന നിലയിൽ ധാരാളം കാര്യങ്ങൾ അതിനെപ്പറ്റി പറയാനുണ്ട്. പലരും ഈ വസ്തുതകൾ മനസ്സിലാക്കാതെയാണ് കാര്യങ്ങൾ പറയുന്നത്. 3600 ചന്ദന മരങ്ങൾ യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് മുറിച്ചുകൊണ്ടുപോയി എന്നൊക്കെയാണ് പറയുന്നത്. ഇത് വളരെ സീരിയസ്സായിട്ടുള്ള ഇഷ്യൂവാണ്. ഇതിൽ എല്ലാപേരും പ്രതികളാണ്. മന്ത്രിയുടെ മറുപടിയിൽ പുതിയ ടീമിനെ അവിടെ കൊടുത്തിരി ക്കുകയാണെന്ന് പറഞ്ഞു. ആ പുതിയ ടീമുണ്ടെങ്കിൽപ്പോലും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ പുതിയ ടീമിനെക്കൊണ്ട് സാധിക്കുകയില്ല. കേസ് എടുക്കാൻ ആളില്ല. കള്ളൻമാരുടെ പേരിൽ കേസെടുക്കാനുള്ള സംവിധാനം പുതിയ ടീമിന് ഇല്ല. അതുകൊണ്ട് അപകടമുണ്ടാകും. അതുകൊണ്ട് നേരത്തെ കേസെടുക്കാൻ ഏർപ്പാട് ചെയ്തിട്ടുള്ള ആൾക്കാരെക്കൊണ്ടുതന്നെ കേസ് എടുപ്പിക്കാൻ വേണ്ടിയുള്ള നിർദ്ദേശം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേസ് എടുക്കുന്നതിനെക്കുറിച്ച് ഇതുവരെ ഒരു പരാതി പോലും വന്നിട്ടില്ല. ശ്രീ. എ. കെ. മണിയുടെ പരാതി ഇപ്പോൾ എന്നോട് പറഞ്ഞതുകൊണ്ട് ഈ പരാതിയും ഒരു പരാതിയായി സ്വീകരിച്ച് നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ശ്രീ. ചെന്താമരാക്ഷന്റെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി അഷറഫ് എന്ന മണി ഇൻഡ്യയിൽ ഇല്ല എന്നുള്ള സ്റ്റേറ്റുമെന്റാണ് പറഞ്ഞത്. മന്ത്രിക്ക് ആരാണ് അയാൾ ഇൻഡ്യയിൽ ഇല്ല എന്നുള്ള റിപ്പോർട്ട് നൽകിയത്. അങ്ങനെയുള്ള ഒരു റിപ്പോർട്ട് കിട്ടിയിട്ടുണ്ടെങ്കിൽ ഇൻഡ്യയിൽ നിന്ന് പുറത്തുകടക്കാൻ എങ്ങനെ സാധിച്ചു. അതുസംബന്ധിച്ച് ഒരു അന്വേഷണം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; ഇൻഡ്യയിൽ ഇല്ലെന്നുള്ള മറുപടി നൽകിയ സാഹചര്യത്തിൽ ആ സ്റ്റേറ്റുമെന്റിന്റെ കോപ്പി നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പറയുന്ന മറുപടിയൊന്നും എന്റെ കൈയിൽ നിന്നുമെടുത്ത് സ്വന്തമായി പറയുന്നതല്ല. എനിക്ക് ഡിപ്പാർട്ടുമെന്റിൽ നിന്ന് കിട്ടിയിരിക്കുന്ന റിപ്പോർട്ടുകളാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവിടെപ്പോയി റെയിഡ് ചെയ്തപ്പോൾ അവർ ഇൻഡ്യയിലില്ല എന്നുള്ള റിപ്പോർട്ടാണ് അവർക്ക് ലഭിച്ചതായി എന്നെ അറിയിച്ചിട്ടുള്ളത്. ഡിപ്പാർട്ടുമെന്റിൽ നിന്നുമറിയിച്ച ഇൻഫർമേഷൻ pass on ചെയ്യുകയെന്നുള്ളതാണ്; ആ ഇൻഫർമേഷൻ pass on ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് മുന്നോട്ട് പോകാം. അങ്ങനെ വന്നാൽപ്പോലും നിയമത്തിൽ ചില പ്രൊവിഷൻസുണ്ട്. ആ പ്രൊവിഷൻ അനുസരിച്ച് ഒരു wanted criminal, ആ ആളിനെ നമുക്ക് absconding ആണെന്നു കണ്ടാൽ absconding ആയിട്ടുള്ള ആളെ പിടിക്കുന്നതിനുവേണ്ടിയുള്ള ചില പ്രൊവിഷൻസ് ഉണ്ട്. നിയമ വ്യവസ്ഥയ്ക്കനുസരിച്ചുള്ള പ്രോസസ് അനുസരിച്ചല്ലേ പോകാൻ കഴിയുകയുള്ളു. ആ പ്രൊസീഡുവർ അനുസരിച്ചേ ഗവൺമെന്റ് നീങ്ങും.

മി. സ്പീക്കർ : ചോദ്യം 292-ഉം 297-ഉം ക്ളബ് ചെയ്തിരിക്കുന്നു.

ചന്ദനം മാത്രം മതിയോ. ഇപ്പോൾതന്നെ 35 മിനിറ്റായി. ആരും സഹകരിക്കില്ല. ഈ ഒരെണ്ണം മാത്രമായി പറഞ്ഞുവെന്ന്, നാളെ പത്രങ്ങളിൽ വരും സ്പീക്കർ അതു ചെയ്തു എന്ന് പറയിക്കണമോ. No- No You must co-operate. ചോദ്യം പോയിന്റ്ഡ് ആയിട്ട് ചോദിക്കണം മറുപടിയും അതുപോലെ പറയണം. എല്ലാപേരുംകൂടി പ്രസംഗിച്ച് അവസാനം എന്നെ ദുർബലനാക്കുന്ന ഏർപ്പാട് ശരിയല്ല. That is not good.

അനധികൃതമായി സ്ഥാപിക്കുന്ന പൊതു ടാപ്പുകൾ

2 [*292] ശ്രീ. ചെർക്കളം അബ്ദുള്ള :

„ സി. മോയിൻ കുട്ടി :

„ സി. ടി. അഹമ്മദ് അലി :

„ സി. മമ്മൂട്ടി :

„ ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :